സർഗ്ഗ പ്രതിഭാവേദികളിലെ തിളക്കമാർന്ന സാന്നിദ്ധ്യമായി
സംഗീതസരണിയിലൂടെ ഗാനാമൃതം ചൊരിയുന്ന ഒരു ദളവുമായി
ഓണനാളിന്റെ ഈയാഴ്ചയിൽ വീണ്ടും ഞങ്ങളെത്തുന്നു.

''കാറ്റ്റിൽ വരും ഗീതമെ
യെൻ കണ്ണനായ് അറിവായാ'' എന്ന ഗാനവുമായി സ്റ്റേറ്റ് ബാങ്ക്
സർഗ്ഗവേദിയുടെ പ്രതിഭാമണ്ഡലം കീഴടക്കിയ

ലക്ഷ്മി എം,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർ്.എ.സി.പി.സി 1
തിരുവനന്തപുരം

എന്ന അനുഗ്രഹീത ഗായികയുടെ സംഗീതവഴികളിലെ
വിശേഷങ്ങളുമായി നമ്മുടെ
പ്രതിഭാ പരിചയവേദി ഒരാഴ്ചയിലെ ഇടവേളക്കുശേഷം
പുനരാരംഭിക്കുകയാണ്..

തലസ്ഥാനനഗരിയിലെ സർഗ്ഗപ്രതിഭകളുടെ ദീപ്ത
വിഹാരങ്ങളിലൊന്നായ വഴുതക്കാട് കാർമൽ ഗേൾസ് ഹയർ
സെക്കണ്ടറി സ്കൂളിന്റെ അക്കാദമിക വേദികളിലൂടെ വളർന്ന്
പി.ഏ.അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ
ഉപരിപഠനത്തിലൂടെ വികാസം പ്രാപിച്ച പഠനകാലമാകെയും
സംഗീതസരണിയിലൂടെ അനുവാചകരുടെ ശ്രദ്ധയും ഗുരു കടാക്ഷവും
ഏറ്റുവാങ്ങി ലക്ഷ്മി, ബാങ്കിംഗ് രംഗത്തേക്കു കടന്നു വരികയായിരുന്നു.

ഒൻപതു വയസ്സു മുതൽ കർണ്ണാടക സംഗീതപഠനം തുടങ്ങി.
ഇടക്കിടക്കു മുറിഞ്ഞു പോയ സംഗീതസാദകം
പതിനഞ്ചു വയസ്സുമുതൽ രണ്ടു വർഷം വിളക്കിച്ചേർത്തു
തിളക്കമേറ്റിയതിന് ''തരംഗിണി സ്കൂൾ ഓഫ് മ്യൂസിക്'' ലെ പഠനവും
ഡോ.കെ.ജെ.യേശുദാസ് എന്ന ഗുരുവിന്റെ
അനുഗ്രഹാശിസ്സുകളുമാണെന്ന് ലക്ഷ്മി മനസ്സു തുറക്കുന്നു.
സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലെ ഫെസ്റ്റിവലുകളിലെ
സംഗീതവേദികളിൽ
നിറ സാന്നിദ്ധ്യമായിരുന്നു ലക്ഷ്മി.
'തരംഗിണി' യിലെ നാളുകൾ, ആ മഹത്സ്ഥാപനത്തിന്റെ എല്ലാമായ
യേശുദാസ് എന്ന മഹാഗായകന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഒക്കെയും
തനിക്കു പ്രചോദനമേകുന്നു.

''അദ്ദേഹം ഞങ്ങളോടൊത്ത് ചെലവഴിച്ച ഒരു ദിനവും വിവിധ
സെഷനുകളും മറക്കാവതല്ല. ഞങ്ങൾ കീർത്തനങ്ങൾ പാടി
അദ്ദേഹത്തോടൊപ്പം. സൂക്ഷ്മതലങ്ങളിൽ തിളങ്ങുവാനുതകുന്ന
വെളിച്ചം വിതറിയ ഒരു സെഷനിൽ അദ്ദേഹം തന്റെ

ജീവിതകഥയുടെ, സംഗീതസപര്യയുടെ, ഗുരു കടാക്ഷങ്ങളുടെ, നിരന്തര പരിപോഷണങ്ങളുടെ സംക്ഷിപ്തം ഞങ്ങൾക്കു പകർന്നു തന്നു. തമാശകളും കഥകളുമായി കുട്ടികളോടു ചേർന്ന ആ ദിനത്തിൽ അദ്ദേഹം പിന്നണി ഗാനാലാപനത്തിന്റേയും ശാസ്ത്രീയ സംഗീതാലാപനത്തിന്റേയും വ്യത്യസ്തമായ തലങ്ങളിലേക്ക് അറിവു പകർന്നു തന്നു. ആടിയും പാടിയും ഒരു ദിനം''.

തിരുവനന്തപുരം തരംഗിണിയിലെ പഠനനാളുകൾ തന്റെ സംഗീതസരണിയിലെ പ്രകാശ ഗോപുരമായി വർത്തിക്കുന്നു-- ലക്ഷ്മിയുടെ നാദവിപഞ്ചികയിലെ ആഹ്ലാദം തുളുമ്പിയ വാക്കുകൾ അനർഗളമൊഴുകി.

ബി.ടെക് ബിരുദവുമായി 2013 സെപ്തംബറിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തിരുവനന്തപുരം CPPC യിൽ ചേർന്നു ബാങ്കിംഗ് കരിയറിനു തുടക്കമായി. ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം RACPC 1 ൽ തുടരുന്നു.

SBT ബാങ്ക്ഫെസ്റ്റ്, SBI സർഗ്ഗോത്സവ വേദികൾ എന്നിവ തന്നിലെ ഗായികക്കു വേണ്ടുവോളം അവസരങ്ങൾ നല്കി. കഴിഞ്ഞ രണ്ടു വർഷമായി ഹിന്ദുസ്ഥാനി സംഗീതപഠനം തുടരുന്നു. അനുഗ്രഹീത സംഗീതജ്ഞയായ ശ്രീമതി അബ്രധിദ ബാനർജിയുടെ ശിക്ഷണം തനിക്ക് അനിർവചനീയമായ പാഠങ്ങൾ നല്കുന്നു- ലക്ഷ്മിയുടെ വാക്കുകൾ തുടർന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അഖിലേന്ത്യാടിസ്ഥാനത്തിൽ ഈ വർഷം ബാങ്ക് ഡേയിൽ ജൂലായ് ഒന്ന്) നടത്തിയ സോളോ സോംഗ് ടാലന്റ് ഹണ്ട് എന്ന ബ്രഹത്തായ ഉദ്യമത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി ലക്ഷ്മിയുടെ സംഗീതോപാസനം മഹത്തായ ഒരു നാൾവഴി കൂടി പിന്നിട്ടിരിക്കുകയാണ്.

(ആ ഗാനത്തിന്റെ ലിങ്ക് ഇതോടൊപ്പം ചേർക്കുന്നു
- https://youtu.be/Wj2h1aJjDqs
)

സാമൂഹ്യ മീഡിയയിൽ സാന്നിദ്ധ്യമേ ആകാതെ പോയ ലക്ഷ്മിയുടെ സംഗീത നേട്ടങ്ങളുടെ വിശേഷങ്ങൾ അറിയുന്നതു തന്നെ, ആ മത്സരത്തിലെ ഒന്നാം സ്ഥാനവിജയി
മിതു മനോജിൽ നിന്നും സർഗോത്സവ വേദികളിലൂടെയും നമ്മുടെ കൂട്ടായ്മയിലൂടെയും സുപരിചിതനായ ഗായകൻ രാജാമണിയിൽ നിന്നുമാണ്. (രണ്ടുപേരും നമ്മുടെ മുൻ വാര ദളങ്ങൾ ആണെന്നതും ആഹ്ലാദദായകം)

ലക്ഷ്മിയെ നമ്മുടെ ഗ്രൂപ്പിന്റെ ഭാഗമാക്കുക എന്ന ഉദ്യമം വിജയിച്ചത്

ഈ ഓാഗസ്റ്റിലും!

നമ്മുടെ ''ഫസ്റ്റ് ഷോാ'' എന്ന ഓാഗസ്റ്റ് പതിനഞ്ചിലെ വേദിയിൽ മനോഹരമായ ഒരു ഗാനവുമായി (''കണ്ണോടുകാണ്മതെല്ലാം തലെ◌ൈവാ'' ) എത്തിച്ചേർന്ന ലക്ഷ്മി, അങ്ങിനെ നമ്മുടെ ഗ്രൂപ്പിന്റെ രജിസ്റ്റേർഡ് അംഗവുമായി.

(വേർചൽ വേദികളിൽ അറിയപ്പെടാതെ പോകുന്ന നിരവധി പ്രതിഭാധനർ നമുക്കു ചുറ്റുമുണ്ട്. അവരെ നമ്മുടെ വേദികളിലും അരങ്ങിലും എത്തിക്കുന്നതിന്റെ നിതാന്തശ്രമത്തിന്റെ ഫലം കൂടിയാണ് ഈ ദളം എന്ന് സഹൃദയരെ ഓർമ്മിപ്പിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു)

ലക്ഷ്മിയുടെ സംഗീതാർച്ചനയുടെ
തുണയായി കെ◌ൈപിടിച്ചു നയിക്കുന്ന അമ്മ, ശ്രീമതി മല്ലിക (BSNL ഓഫീസ് സൂപ്രണ്ടന്റായി 2019 ൽ ജോലിയിൽ നിന്നു വിരമിച്ചു) യും സംഗീത വിദുഷിയാണ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം ആർബി ഒ 2 വിൽ ബാങ്കറായ ശ്രീ എസ്.ദീപക് ആണ് ലക്ഷ്മിയുടെ കാന്തൻžമൂന്നു വയസ്സുകാരി ഭദ്രലക്ഷ്മിയും ചേർന്ന ഗാനകല്ലോലിനിയുടെ ജീവിതാഭിലാഷം, സംഗീത ഭദ്രതാമൃതമായ വേദികളിൽ നിറവാർന്നൊഴുക എന്നതും.

പ്രിയ ബാങ്കർ കുടുംബാംഗങ്ങളായ ദീപക് - ലക്ഷ്മി ദമ്പതികൾക്ക് ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ അഭിനന്ദനങ്ങൾž

**English Version**

This week of Onam, after a week's 'festive' respite, we are back with a virtuose who caught the attention of audience at State bank Fest through her soulful rendition of the song 'Katril varum geethame en kannanai arivaaya' and keeps on embellishing the pathways of music as a gem amidst the realm of creative geniuses.

Lakshmi M,
State Bank of India,
RACPC1
Thiruvananthapuram

From her days of schooling at Vazhuthacaud Carmel Girls' Higher Secondary School which had beheld the illuminating voyages of musical doyens through her college days at PA Aziz College of Engineering, she was bestowed with blessings in plenty,of her gurus which served as an impetus later on for her to venture into banking career.

She started learning Carnatic music at the age of nine.Though her melodic excursion showed signs of relenting intermittently, she got back to track on having been trained at Tharangini School of Music under the tutelage and blessings of Dr. KJ Yesudas.
Lakshmi proudly reminisces apropos every session of those days.

In one of the sessions he briefed about the story of his musical journey, blessings of his Gurus and his persistent endeavours to nurture his talent. He shed light on the subtleties and distinctive features of the genres of film songs and classical music.

Memories of being at Tharangini school of music survives the ravages of time and serves as a tower of aura in Lakshmi's musical journey. Lakshmi's blissful wordings flow eloquently when she speaks of those days.

Lakshmi, a Btech degree holder, joined State Bank of Travancore's CPPC, Thiruvananthapuram in September 2013. Presently she is working in RACPC 1,SBI, Trivandrum.

SBT Bank fest and SBI Sargotsav Venues provided ample opportunities for the singer in her. She has been learning Hindustani music for the last two years. Discipleship under the blessed musician, Smt. Abhradhitha Banerjee endows her with inexplicable experiences.

Lakshmi's worship of music has come a long way since she bagged the third position in All India Solo Song Talent Hunt hosted by State Bank of India on July 1,this year.

Since Lakshmi used to seek oblivion as regards social media, we came to know about her from Mithu Manoj and Rajamani who are well gamed through Sargotsav venues and our weekly columns. Our attempts to make Lakshmi a part of our group yielded fruits this August.

Lakshmi participated in "First Show" hosted by Talented Bankers on August 15 and mesmerized everyone with her song "Kannodukanmathlam Thalaivaa". She is the very embodiment of the fact that we are environed by many talented people who go unrecognized in the virtual arena.

Lakshmi's mother, Mrs. Mallika who retired as Office Superintendent from BSNL in 2019 is also a musician.

Mr. S. Deepak, working in RBO 2, State Bank of India, Thiruvananthapuram is her significant other. They have a three year old daughter, Bhadralakshmi and the trilogy aspires to immerse their lives deep in the divinity of music.

Talented bankers community wishes Lakshmi and her family all the best in the days to come.

------------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram